# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3148 — 18/10/2016-ൽ മറുപടിക്ക്

## വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.പി.അനിൽ കുമാർ<br>" കെ.സി.ജോസഫ്<br>" എം.വിൻസെന്റ്<br>"അടൂർ പ്രകാശ് | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ ചട്ടങ്ങൾ പ്രകാരം വിതരണ ശൃംഖല വിപുലീകരിക്കേണ്ട ആവശ്യമില്ലെങ്കിൽ അപേക്ഷകന് പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവീസ് കണക്ഷൻ നൽകണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിറുത്തി സർവീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി ലക്ഷ്യമിടുന്നു. ഇതനുസരിച്ച് പുതിയതായി പോസ്റ്റോ ലൈനോ ആവശ്യമില്ലാത്ത കണക്ഷനുകൾ 2 പ്രവർത്തി ദിവസത്തിനുള്ളിലും, സപ്പോർട്ട് പോസ്റ്റ്/പോസ്റ്റ് ഇൻസർഷൻ വേണ്ട കണക്ഷനുകൾ 7 ദിവസത്തിനുള്ളിലും, ഓവർ ഹെഡ് ലൈൻ ആവശ്യമുള്ള കണക്ഷനുകൾ 15 ദിവസത്തിനുള്ളിലും നൽകുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. ഇതനുസരിച്ച് പുതിയ സർവീസ് കണക്ഷൻ ലഭിക്കുവാൻ അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, സ്ഥിര മേൽവിലാസം തെളിയിക്കുന്ന രേഖ, തദ്ദേശസ്വയം |

| | | | |
|---|---|---|---|
| (ഡി) | അപേക്ഷകളും ഫീസും ഓൺലൈനിൽ സ്വീകരിക്കുവാൻ നടപടി കൈക്കൊള്ളുമോ? | (ഡി) | വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള എല്ലാ അപേക്ഷകൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഉടമസ്ഥ അവകാശം മാറ്റൽ, താരിഫ് മാറ്റൽ മുതലായവയ്ക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ